9.30 AM.]

മി. സ്പീക്കർ : ഇന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. അതിൽ പറയുന്ന വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയം നിയമസഭ ചർച്ച ചെയ്യാൻ പാടില്ലായെന്ന് നിയമസഭാ ചട്ടം 53-ൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ വിഷയം ഇന്ന് കോടതി പരിഗണിക്കാനിരിക്കുകയാണ്. അങ്ങനെ പരിഗണിക്കാനിരിക്കുന്ന സന്ദർഭത്തിൽ നിയമസഭ ചർച്ചചെയ്യുന്നത് ഒട്ടും ശരിയല്ല. അതുമാത്രവുമല്ല, ഇതേ വിഷയം ഇതേ നിയമസഭാസമ്മേളനത്തിൽ തന്നെ ഇതിനുമുമ്പ് വന്നു. ചെയർ അതിന് അവതരണാനുമതി നൽകുകയും ചെയ്തു.....(ബഹളം)....ചെയർ പറയട്ടെ. ഓരോന്നും പറയുമ്പോൾ നിങ്ങൾ ബഹളം ഉണ്ടാക്കണമെന്നില്ല. ഈ നിയമസഭാ സമ്മേളനത്തിൽ വന്ന അതേ വിഷയമാണ്, ഹൈക്കോടതി ഇന്ന് പരിഗണിക്കാനിരിക്കുന്ന വിഷയംകൂടിയാണ്. എന്നാലും അടിയന്തര പ്രമേയം അവതരിപ്പിക്കാനുള്ള അനുമതി നൽകുകയാണ്.

## II അടിയന്തരപ്രമേയം

### വിജിലൻസ് അന്വേഷണം

മി. സ്പീക്കർ: ബാർ കോഴക്കേസ് എഫ്.ഐ.ആർ.-ലെ ഒന്നാം പ്രതി ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റവിമുക്തനാക്കിക്കൊണ്ട് അന്വേഷണം അവസാനിപ്പിക്കുവാൻ തിരുവനന്തപുരം വിജിലൻസ് കോടതിയോട് വിജിലൻസ് അനുവാദം ചോദിച്ചതിനെത്തുടർന്നുളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ വിജിലൻസ് ഡയറക്ടർക്ക് 1-11-2014-ൽ നൽകിയ 535/LO/2014-ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ അന്വേഷണത്തിന് ഉത്തരവിടുകയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ദക്ഷിണ മേഖലാ തിരുവനന്തപുരം പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം നമ്പർ QV14/2014/SRT പ്രകാരം നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട സുപ്രീം

LIBRARY ARCHIVES Kerala Legislative Assembly

കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരണമായി സത്വര അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. അന്വേഷണത്തിന്റെ പുരോഗതി ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതിയുടെ വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് നൽകിയിട്ടുള്ളതുമാണ്. അന്വേഷണ ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ശിപാർശ ചെയ്തു. ഈ ശിപാർശ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WPC/68/2008 Lalita Kumari v/s. State of U.P. and others എന്ന വിധിയുടെ അടിസ്ഥാനത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ഉത്തരവ് നൽകി. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 പോലീസ് സൂപ്രണ്ട് VC06/2014/SIU-1 u/s 7 & 13 (1)D of the PC Act, 1988 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ലെ തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെയും സർക്കിൾ ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി രൂപീകരിച്ച അന്വേഷണ സംഘം കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി 7-7-2015-ൽ ബഹുമാനപ്പെട്ട വിജിലൻസ് കോടതിയിൽ 173 സി.ആർ.പി.സി. പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ സജീവ പരിഗണനയിലിരിക്കുന്ന ഒരു വിഷയമായതിനാൽ ഈ കാര്യം സബ്ജുഡിസാണ്. അത് അങ്ങുതന്നെ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യമാണ്. കേരള നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ 52 (vii), 53 എന്നിവ ഈ കാര്യങ്ങൾ വ്യക്തമായി പറയുന്നുണ്ട്. അന്തിമ റിപ്പോർട്ട് ഗവൺമെന്റിനല്ല നൽകുന്നത്. വിജിലൻസ് കോടതിക്കാണ് നൽകുന്നത്. ഗവൺമെന്റിന്റെ കയ്യിൽ ഈ റിപ്പോർട്ട് ലഭിച്ചിട്ടില്ല. നിയമപരമായി അത് കോടതിയിൽ നിന്ന് അവർക്ക് ലഭിക്കും. അത് പബ്ലിക് ഡോക്യുമെന്റാണ്. പക്ഷേ, ഗവൺമെന്റിന് ഔദ്യോഗികമായി ഈ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഔദ്യോഗികമായി ഗവൺമെന്റിന് തരേണ്ട ആവശ്യവുമില്ല. നിയമപരമായി അന്തിമ അന്വേഷണ റിപ്പോർട്ട് കോടതിയിൽ കൊടുക്കേണ്ടതാണ്. കോടതിയിൽ കൊടുക്കേണ്ട റിപ്പോർട്ട് ഗവൺമെന്റിന് ലഭിക്കാറില്ല. അതിന്റെ നടപടിച്ചട്ടം അങ്ങനെയാണ്. ഇന്ന് ഈ കേസ് കോടതിയിൽ പരിഗണിക്കുന്ന ദിവസമാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ചർച്ച ചെയ്യാൻ പാടില്ല. ആയതിനാൽ ഇതിന്റെ വിശദാംശങ്ങളിലേക്കുള്ള ചർച്ചയിലേയ്ക്ക് പോകുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് ഈ കാര്യം അങ്ങ് അനുവദിച്ചതുകൊണ്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി എന്നുമാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ചർച്ച ചെയ്യാൻ പാടില്ലായെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്..... (ബഹളം) .... നിങ്ങൾ ബഹളമുണ്ടാക്കണ്ട.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് കോടതിയെ സ്വാധീനിക്കത്തക്കവിധത്തിലുള്ള ഒരു ചർച്ച ഇവിടെ പാടില്ലെന്നാണ്. കോടതിയെ സ്വാധീനിക്കത്തക്കവിധത്തിലുള്ള ചർച്ച ഇവിടെ നടത്തുന്നില്ല. കോടതി ആരുടെയും സ്വാധീനത്തിന് വിധേയമാകില്ല. വിജിലൻസ് കോടതിയിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ട് സംബന്ധിച്ച് പരാമർശിക്കാൻ ഈ സഭയ്ക്ക് അവകാശമുണ്ട്. അങ്ങ് റൂളിംഗ് നൽകി ഇവിടെ പരാമർശിക്കാം. അതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയിട്ടുള്ള ഒന്നാമത്തെ പേരുകാരനായ ശ്രീ. കെ. സുരേഷ് കുറുപ്പിന് എന്താണ് പറയാനുള്ളതെന്ന് കേൾക്കണം. അദ്ദേഹം പറയുന്നത് കേട്ടതിനുശേഷം അങ്ങേയ്ക്ക് തീരുമാനിക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പിന് അടിയന്തര പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറയുന്നത് വളരെ നിഷ്കളങ്കമായ ഒരു കാര്യത്തിന്റെ ആരോപണത്തിൽ അന്വേഷണം നടക്കുന്നു എന്നും ആ അന്വേഷണത്തിന്റെ റിപ്പോർട്ട് കോടതിയിൽ കൊടുത്തിരിക്കുകയാണെന്നും ഞങ്ങൾക്ക് ഒന്നുമറിയില്ല എന്നുമാണ്. പക്ഷെ, കേരളം കണ്ട ഏറ്റവും ഹീനമായ ഒരു അഴിമതി മൂടിവയ്ക്കാനും ഇല്ലാതാക്കാനും കേരളത്തിന്റെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് നടത്തിയ രാഷ്ട്രീയ കരുനീക്കങ്ങളാണ് ഈ റിപ്പോർട്ട് സമർപ്പണത്തിലൂടെ പുറത്തുവന്നിരിക്കുന്നത്. ശ്രീ. കെ. എം. മാണി കൈക്കൂലി ചോദിച്ചു വാങ്ങിച്ചു എന്ന ആരോപണം വന്നതിനെത്തുടർന്ന് നടന്ന അന്വേഷണത്തിൽ തെളിവുകൾ ഒന്നൊന്നായി അന്വേഷണ ഉദ്യോഗസ്ഥന്റെ മുന്നിൽ വന്നപ്പോഴാണ് എല്ലാ നിയമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ട് തെളിവുകളെ സംബന്ധിച്ച റിപ്പോർട്ട് വിജിലൻസ് നിയമോപദേഷ്ടാവിന് നൽകുന്നത്. ആ നിയമോപദേഷ്ടാവ് അഡ്വക്കേറ്റ് ജനറലുമായി രഹസ്യചർച്ച നടത്തുന്നു. ആ ചർച്ചയ്ക്കുശേഷം തൃപ്തിവരാതെ വിജിലൻസ് ഡയറക്ടർ വീണ്ടും അറ്റോർണി ജനറലിനും സോളിസിറ്റർ ജനറലിനും എഴുതുന്നു. അവർ അതിന് മറുപടി കൊടുക്കാതിരുന്നപ്പോൾ നാഗേശ്വരറാവു എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു അഭിഭാഷകന്റെ സഹായം തേടുന്നു. ഇതൊക്കെ ഏതടിസ്ഥാനത്തിലാണ്, എന്തടിസ്ഥാനത്തിലാണ്; ഏതു നിയമത്തിന്റെ പിൻബലത്തിലാണ് വിജിലൻസ് ഇത്തരത്തിൽ കാര്യങ്ങൾ നീക്കാൻ തയ്യാറായത്? അന്വേഷണ ഉദ്യോഗസ്ഥൻ എന്നു പറയുന്നത് ഒരു കേസന്വേഷണത്തെ സംബന്ധിച്ചിടത്തോളം അവസാന വാക്കാണ്. ആ അന്വേഷണ ഉദ്യോഗസ്ഥനെ മറികടന്ന് വിജിലൻസ് ഡയറക്ടർക്കോ മറ്റാർക്കെങ്കിലുമോ വേറൊരു നിയമോപദേശം തേടേണ്ട കാര്യമുണ്ടോ? അന്വേഷണ ഉദ്യോഗസ്ഥന്റെ മുന്നിൽ വന്നിട്ടുള്ള തെളിവുകൾവച്ച് ആ റിപ്പോർട്ട് കോടതിക്ക് കൊടുക്കാം. അന്വേഷണോദ്യോഗസ്ഥൻ തെളിവില്ലെങ്കിൽ തെളിവില്ലെന്ന റിപ്പോർട്ടും കുറ്റവാളിയാണെങ്കിൽ അത്തരത്തിലുള്ള റിപ്പോർട്ടുമാണ് കൊടുക്കുന്നത്. നിരന്തരമായി നിയമോപദേശം തേടി ശ്രീ കെ. എം. മാണി കുറ്റവാളിയല്ല, അതിനുള്ള തെളിവില്ലെന്ന് വരുത്തിത്തീർക്കുകയാണ് ഇവിടെ ചെയ്തത്. ഞാൻ ചോദിക്കുന്നത് ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിന്റെ 173-ാം വകുപ്പനുസരിച്ചാണ് അന്വേഷണം നടത്തേണ്ടത്. ആ അന്വേഷണ ഉദ്യോഗസ്ഥന്റെ മേൽ മറ്റാർക്കെങ്കിലും എന്തെങ്കിലും അധികാരമുണ്ടോ? 173-ാം വകുപ്പിനുശേഷം 158 പ്രകാരം മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ ഈ അന്വേഷണത്തിന് ചുമതല ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് ഇതിൽ ഇടപെടാവുന്നതാണ്. ഇവിടെ അങ്ങനെ ഒരു ഗവൺമെന്റ് ഓർഡറുണ്ടോ? ഗവൺമെന്റ് മറ്റാരെയും അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടില്ല. ആർ. സുകേശൻ എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നടന്ന അന്വേഷണത്തിൽ ഗവൺമെന്റ് ഇടപെടേണ്ട യാതൊരു കാര്യവുമില്ല. വിജിലൻസ് മാന്വൽ അനുസരിച്ചാണ് ഇക്കാര്യത്തിൽ ഇടപെട്ടതെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. വിജിലൻസ് മാന്വലിന്റെ പ്രസക്തി എന്താണ്; വിജിലൻസ് മാന്വലിനാണോ Criminal Procedure Code-നാണോ പ്രസക്തി; വിജിലൻസ് മാന്വൽ ഈ നിയമസഭയുടേയോ മറ്റേതെങ്കിലും നിയമസഭയുടേയോ മുൻപിൽ വന്നിട്ടുണ്ടോ ; ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Criminal Procedure Code-ൽ ഏതന്വേഷണവും എങ്ങനെ നടത്തണമെന്ന് വ്യക്തമായി പറഞ്ഞിരിക്കെ, ഗവൺമെന്റ് ഇറക്കിയ ഒരു ഓർഡറിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് മാന്വലിനെ ആശ്രയിച്ച് നിയമോപദേശം തേടുകയാണ്. ലളിത കുമാരി കേസിൽ സുപ്രീം കോടതി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്; " However, this Crime Manual is not a statute and has not been enacted by the Legislature. It is a set of administrative orders issued for internal guidance of the C.B.I officers. It cannot supersede Cr.P.C. Moreover, in the absence of any indication to the contrary in Cr.P.C. itself,

LIBRARY ARCHIVES Kerala Legislative Assembly

the provisions of the CBI Crime Manual cannot be relied upon to import the concept of holding of preliminary inquiry in the scheme of Cr.P.C. ക്രിമിനൽ പ്രൊസീഡ്യുവർ കോഡനുസരിച്ച് മാത്രമെ അന്വേഷണം മുന്നോട്ട് കൊണ്ടു പോകാവൂ എന്ന് സുപ്രീം കോടതി വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിൽ പറഞ്ഞിട്ടില്ലാത്തൊരു കാര്യത്തിന് സി.ബി.ഐ. മാന്വലിന്റെ സഹായം പാടില്ലെന്നുകൂടി സുപ്രീം കോടതി പറഞ്ഞു. ഇവിടെ വളരെ വ്യക്തമായി 173-ാം വകുപ്പനുസരിച്ച് ഇൻവെസ്റ്റിഗേഷൻ നടന്നൊരു കാര്യം, 188-ാം വകുപ്പനുസരിച്ച് മറ്റാരേയും ഏൽപ്പിച്ചിട്ടില്ലാത്തൊരു കാര്യം വിജിലൻസ് മാന്വൽ എന്ന രേഖയുടെ പിൻബലത്തിൽ വിവിധ അഭിഭാഷകരോട് ചോദിക്കുന്നു എന്തിനാണ് ഈ അഭിഭാഷകരോട് ചോദിച്ചത്; ശ്രീ. കെ. എം. മാണി ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന റിപ്പോർട്ട് ആയിരുന്നുവെങ്കിൽ അഭിഭാഷകരുടെ സഹായം തേടേണ്ട കാര്യമുണ്ടോ; ശ്രീ. കെ. എം. മാണി കൈക്കൂലി വാങ്ങിയെന്നുള്ളതിന്റെ വളരെ വ്യക്തമായ തെളിവുകൾ അന്വേഷണ ഉദ്യോഗസ്ഥന് ലഭിക്കുകയും അതനുസരിച്ച് റിപ്പോർട്ടുകൾ വരികയും ചെയ്യുപ്പോഴാണ് ഇവർ പല പല അഭിഭാഷകരുടെ സേവനം തേടി അദ്ദേഹത്തെ കുറ്റകൃത്യത്തിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടി ഒരു റിപ്പോർട്ട് സംഘടിപ്പിച്ചത്. കോടതിയിൽ കൊടുത്ത റിപ്പോർട്ടിൽ ഏതെങ്കിലും ഒരു അഭിഭാഷകന്റെ സേവനം തേടിയതായി പറയുന്നുണ്ടോ; ഏതെങ്കിലും അഭിഭാഷകന്റെ റിപ്പോർട്ട് വന്നതായി പറയുന്നുണ്ടോ; ആ റിപ്പോർട്ടനുസരിച്ചാണ് ഞങ്ങൾ കുറ്റപത്രം സമർപ്പിക്കുന്നത് എന്നുപറഞ്ഞിട്ടുണ്ടോ; ഇതിനൊക്കെ എന്ത് നിയമ പ്രസക്തിയാണുള്ളത് ; ഇക്കാര്യങ്ങളെല്ലാം കോടതിയിൽനിന്നും ഒളിച്ചുവച്ചിരിക്കുകയല്ലേ; ശ്രീ. കെ. എം. മാണിയെ കുറ്റവിമുക്തനാക്കണമെന്ന ഈ റിപ്പോർട്ടിൽ എല്ലാ തെളിവുകളും ഒന്നൊന്നായി വന്നിരിക്കുകയാണ്. മണിമണിപോലെ തെളിവുകളെല്ലാം അന്വേഷണോദ്യോഗസ്ഥന്റെ മുന്നിലേയ്ക്ക് വന്നുവീണു. പതിനേഴാമത്തെ വിറ്റ്നസ് ശ്രീ. രാജ്കുമാർ ഉണ്ണി 35 ലക്ഷം രൂപ ശ്രീ. കെ. എം. മാണിക്ക് ഔദ്യോഗിക വസതിയിൽകൊണ്ടുപോയി കൊടുത്തതിന്റെ എല്ലാ തെളിവുകളുമുണ്ട്. ശ്രീ. ബിജു രമേശ് അദ്ദേഹത്തിന്റെ അക്കൗണ്ടന്റ് മുഖാന്തിരം 10 ലക്ഷം രൂപ വിത്ത്ഡ്രോ ചെയ്ത് അക്കൗണ്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; അതിലുപരി ഈ കാറും ഡ്രൈവറും അവിടെ ചെന്നത്; ഇതെല്ലാം ഡ്രൈവർ നുണപരിശോധനയിലും കൃത്യമായ മൊഴി നൽകി. നുണപരിശോധനയുടെ കാര്യത്തിൽ ഒന്നും ചെയ്യാനില്ല, ഡ്രൈവറുടെ മൊഴി മാത്രമേയുള്ളൂവെന്ന് റിപ്പോർട്ടിൽ അവ്യക്തമായി പറഞ്ഞിരിക്കുകയാണ്. വേറെ ആരുടെ മൊഴി വേണം ; ശ്രീ. രാജ്കുമാർ ഉണ്ണി മൊഴി നൽകുമോ ; രാജ്കുമാർ ഉണ്ണി മൊഴി നൽകിയാൽ

പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ 12-ാം വകുപ്പുപ്രകാരം കേസിൽ പ്രതിയാകും. അയാൾ ഈ ഗൂഢാലോചനയ്ക്ക് കൂട്ടുനിന്ന, പ്രതിയാകേണ്ട ആളാണ്. പ്രതിയാകേണ്ട ആളിന്റെ വാക്ക് വിശ്വസിക്കുക, സാക്ഷിയായ ഒരാളിന്റെ വാക്ക് വിശ്വസിക്കാതിരിക്കുക എന്ന ഹീനമായ നാടകമാണ് ഇവിടെ നടന്നത്. ഈ കൈക്കൂലിക്കേസ്സിൽ പ്രതിയാകേണ്ട ആളാണ് രാജ്കുമാർ ഉണ്ണി. അയാൾ കൈക്കൂലിയുംകൊണ്ട് പോയതാണ്. കൈക്കൂലി കൊടുക്കുന്നത് കണ്ടതാണെന്ന് കൈക്കൂലിയുമായിപോയ വണ്ടിയുടെ ഡ്രൈവർ കൃത്യമായി മൊഴി നൽകുന്നു. ഈ ആളുകളും കാറും മന്ത്രിയുടെ ഔദ്യോഗികവസതിയിൽ ചെന്നതിന്റെ രേഖയുണ്ട്, രജിസ്റ്ററുണ്ട്.....(ബഹളം)....ഇന്ത്യയിലെ സി.ബി.ഐ. ഡയറക്ടർക്ക് രാജിവച്ചുപോകേണ്ടിവന്നത് എന്തിനായിരുന്നു; കൽക്കരി കുംഭകോണത്തിലെ ചില പ്രതികൾ സി.ബി.ഐ. ഡയറക്ടറുടെ വീട്ടിൽ പലപ്രാവശ്യം ചെന്നു എന്നുള്ള ആരോപണം വന്നു. വീട്ടിൽ ചെന്നതായി രേഖപ്പെടുത്തിയ രജിസ്റ്റർ പുറത്തുവന്നു. ഈ പ്രതികൾ പലതവണ ഡയറക്ടറെ കണ്ടിട്ടുണ്ടെന്നുള്ള വാർത്ത പുറത്തുവന്ന ദിവസം സി.ബി.ഐ. ഡയറക്ടർക്ക് രാജിവയ്ക്കേണ്ടിവന്നു. ശ്രീ. കെ. എം. മാണിയുടെ ഔദ്യോഗികവസതിയിൽ ആരൊക്കെ പോയി എന്നെല്ലാമുള്ള കാര്യങ്ങൾ രജിസ്റ്ററിലുണ്ട്. മൊബൈൽ ടവറിൽനിന്നെടുത്ത തെളിവുകൾ, പൈസ വിത്ത്ഡ്രോ ചെയ്തതിന്റെ രേഖകൾ, ഇതിൽക്കൂടുതൽ എന്ത് തെളിവാണ് വേണ്ടത്; എന്നാൽ ശ്രീ. കെ. എം. മാണിക്ക് കൈക്കൂലി കൊടുത്തതിന്റേയും വാങ്ങിയതിന്റേയും തെളിവില്ലെന്നാണ് പറയുന്നത്. നടുറോഡിൽവച്ച് പടമെടുത്ത് പത്രത്തിൽ കൊടുത്തിട്ടാണോ കൈക്കൂലി വാങ്ങുന്നത്; ഡ്രൈവറുടെ മൊഴി വിശ്വസിക്കാൻ പാടില്ലേ; വെറുമൊരു ഡ്രൈവറുടെ മൊഴിയിൽ ശ്രീ. കെ. എം. മാണിയെ കുടുക്കാമോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചില്ലേ, ഡ്രൈവറുടെ മൊഴിക്ക് വിശ്വാസ്യതയില്ലേ; ഡ്രൈവർ നുണപരിശോധനയിൽ പറഞ്ഞത് ആവർത്തിച്ചില്ലേ, ഇതിൽക്കൂടുതൽ എന്ത് തെളിവാണ് വേണ്ടത്? ....(ബഹളം).... അതിനുമുമ്പ് രണ്ട് അവസരങ്ങളിൽ ശ്രീ. കെ. എം. മാണിയുടെ പാലായിലെ വസതിയിൽ ഇവർ പോകുന്നു. കൈക്കൂലി കൊടുക്കുന്നു. ശ്രീ. കെ. എം. മാണിയുടെ വീടിന്റെ പരിസരത്തുവച്ച് കൈക്കൂലി കൊടുത്തു എന്നുള്ളതിനെ സംബന്ധിച്ച് ആർക്കും തർക്കമില്ല. ഈ റിപ്പോർട്ടിൽ പറയുന്നത് എന്താണ്; During investigation, it is revealed that on 22.03.2014, witness 5 and 27 collected Rs.15 lakhs and the amount was handed over to the office bearers of the KBHA on that day at the premises of the residence of the accused at Pala. വെളുപ്പാൻകാലത്ത് ശ്രീ. കെ. എം. മാണിയുടെ വീട്ടുമുറ്റത്തും തിണ്ണയിലും വച്ച് 15



LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപ ശ്രീ. കെ. എം. മാണിയെ കാണാൻ കാത്തുനിൽക്കുന്ന ആളുകൾക്ക് കൊടുക്കേണ്ട കാര്യം എന്താണ്, അത് എന്തിനാണ് കൊടുത്തത്, എന്താവശ്യത്തിനാണ്, ശ്രീ. കെ. എം. മാണിയെ കാണാൻ നിൽക്കുന്ന ആളിന്റെ കയ്യിൽ വേറൊരാൾ കൊണ്ടുവന്ന് കൊടുത്ത ആ പൈസ എവിടെപ്പോയി ; അതിനെക്കുറിച്ച് ഇവർ അന്വേഷിച്ചോ; ആ പൈസ ആവിയായിപ്പോയോ ; ശ്രീ. കെ. എം. മാണിക്ക് കൊടുത്തില്ലെങ്കിൽ ആ പൈസ ആരെടുത്തു ; എവിടെ, എങ്ങോട്ടുപോയി ; മുന്നൂറ്റിത്തൊണ്ണൂറോളം സാക്ഷികളെ പരിശോധിച്ചിട്ട് മൂന്നോ നാലോ സാക്ഷികളെക്കുറിച്ചുമാത്രമാണ് റിപ്പോർട്ടിൽ പറയുന്നത്. ശ്രീ. കെ. എം. മാണി യാതൊരു കുറ്റവും ചെയ്തിട്ടില്ലെന്ന് സ്ഥാപിക്കുന്ന റിപ്പോർട്ടാണ് കോടതിയിൽ കൊടുത്തിരിക്കുന്നത്. ഈ റിപ്പോർട്ടിന് എന്ത് വിലയാണുള്ളത്?

ഒരു കൊലക്കേസിലെ പ്രതി സ്വയരക്ഷയ്ക്കുവേണ്ടിയാണ് കൊലപാതകം നടത്തിയത് എന്നുപറഞ്ഞ് അന്വേഷണ ഉദ്യോഗസ്ഥന് കേസ് അവസാനിപ്പിക്കാൻ കഴിയുമോ ; കോടതിയിൽ റിപ്പോർട്ട് കൊടുക്കാതിരിക്കാൻ കഴിയുമോ; കോടതിയാണ് അക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ഈ നാട്ടിൽ ഏതെങ്കിലും ഒരു കേസിൽ തെളിവില്ലെന്നുപറഞ്ഞ് ആരെങ്കിലും കോടതിയിൽ റിപ്പോർട്ട് കൊടുത്തിട്ടുണ്ടോ? ശ്രീ. കെ. എം. മാണിക്ക് മാത്രം എന്ത് പ്രത്യേകതയാണുള്ളത്? ഇവിടെ ശ്രീ. ജെയിംസ് മാത്യുവിനെ ഒരു കേസിൽ കുടുക്കി ജയിലിലടച്ചു ശ്രീ. ജെയിംസ് മാത്യുവിന്റെ കാര്യത്തിൽ ലീഗൽ ഒപ്പീനിയൻ തേടിയോ ; ഈ നാട്ടിലെ ഏതെങ്കിലും വക്കീലിന്റെ ഒപ്പീനിയൻ തേടിയോ ? ഇവിടെ ശ്രീ. റ്റി. വി. രാജേഷും ശ്രീ. പി. ജയരാജനും ഒരു ആശുപത്രി മുറിയിലിരുന്ന് സ്വകാര്യ സംഭാഷണം നടത്തുമ്പോൾ ദൂരെ മാറിനിന്ന് ഒരാൾ ഫോണിൽ സംസാരിച്ചു അതൊരു കൊലപാതകത്തെക്കുറിച്ചായിരുന്നു. അത് തടയാൻ ഇവരൊന്നും ചെയ്തില്ല എന്നുപറഞ്ഞല്ലേ ഇല്ലാത്ത കേസുണ്ടാക്കി ശ്രീ. റ്റി. വി. രാജേഷിനെ മാസങ്ങളോളം ജയിലിലടച്ചത്. അക്കാര്യത്തിൽ ആരുടെയെങ്കിലും നിയമോപദേശം തേടിയിരുന്നോ? ഈ സഭയിലെ അംഗമായ ശ്രീമതി കെ. കെ. ലതികയുടെ ഭർത്താവിനെ, അറിയപ്പെടുന്ന പൊതുപ്രവർത്തകനെ ഒരു terrorist-നെ പിടിക്കുന്നതുപോലെ കോഴിക്കോട് നഗരത്തിൽവച്ച് അറസ്റ്റ് ചെയ്തല്ലോ; അതിൽ നിയമോപദേശം തേടിയിരുന്നോ? ശ്രീമതി കെ. കെ. ലതികയുടെ മകനെ നാടുകടത്തിയത് ആരുടെ നിയമോപദേശത്തിന്റെ പേരിലാണ്? ഇവിടെ ശ്രീ. ജെയിംസ് മാത്യുവിനും ശ്രീ. റ്റി. വി. രാജേഷിനും ശ്രീമതി കെ. കെ. ലതികയ്ക്കുമൊക്കെ ഒരു നിയമം, ശ്രീ. കെ. എം. മാണിക്ക് വേറൊരു നിയമം. ശ്രീ. കെ. എം. മാണി കേസിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിയായാൽ ഉടനെ നാഗേശ്വരറാവു വരുന്നു, സോളിസിറ്റർ ജനറൽ വരുന്നു, അറ്റോർണി ജനറൽ വരുന്നു, അഡ്വക്കേറ്റ് ജനറൽ ഗൂഢാലോചന നടത്തുന്നു. ഇതെല്ലാം എന്തിനുവേണ്ടിയായിരുന്നു? ഈ കേസിൽ ശ്രീ. കെ. എം. മാണിക്കെതിരെ ഒരു തെളിവുമില്ല എന്നായിരുന്നു അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലെങ്കിൽ എന്തിനുവേണ്ടിയാണ് ഈ നിയമോപദേശമെല്ലാം തേടിയത്; നിയമോപദേശം തേടിയെങ്കിൽ ആ നിയമോപദേശത്തെക്കുറിച്ച് ഇതിൽ പരാമർശിക്കണ്ടേ? ഈ നിയമോപദേശം തേടിയവർക്ക് എത്ര രൂപ കൊടുത്തു; ആര് പറഞ്ഞിട്ടാണ് കൊടുത്തത്; ഇതിൽ എന്തെങ്കിലും നിയമസാധുതയുണ്ടോ? ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് അനുസരിച്ചുമാത്രം നടത്തേണ്ട അന്വേഷണം വിജിലൻസ് മാന്വൽ എന്ന രേഖയുടെ അടിസ്ഥാനത്തിലാണ് ഇതെല്ലാം ഞങ്ങൾ ചെയ്തതെന്ന് ഈ കേരള ജനതയുടെമുന്നിൽനിന്ന് പറയാൻ ആഭ്യന്തര വകുപ്പുമന്ത്രിക്കെങ്ങനെ ധൈര്യം വന്നു. അതുപോലെ സി.ഡി.കൾ ഇഷ്ടംപോലെ ഇറങ്ങുകയാണ്. ധനേഷ് എന്ന മറ്റൊരു വിറ്റ്നസ് കൈക്കൂലി കൊടുത്തതിന്റെ ചിത്രം തന്റെ കൈയിലുണ്ടെന്ന് പറഞ്ഞു. ആ സി.ഡി. ഇവർ പിടിച്ചെടുത്തോ ? ഈ കേസിൽ ശ്രീ. കെ. എം. മാണിയെ ചോദ്യം ചെയ്തോ ; ശ്രീ. കെ. എം. മാണിയെ ചോദ്യം ചെയ്തെങ്കിൽ അദ്ദേഹം എന്തുപറഞ്ഞു; കൈക്കൂലി തന്നുവെന്നും അദ്ദേഹം എന്നെവന്നുകണ്ടുവെന്നും പറഞ്ഞോ ? ഇതിനെക്കുറിച്ചൊന്നും ഈ റിപ്പോർട്ടിൽ ഒരു പരാമർശവുമില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, 15 മിനിട്ടായി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: മുഖ്യപ്രതിയെ ചോദ്യം ചെയ്തതിനെക്കുറിച്ച് ഒരു വരിപോലുമില്ലാത്ത റിപ്പോർട്ടാണിത്. രണ്ടുമൂന്ന് സാക്ഷികളുടെ മൊഴി മാത്രം പറഞ്ഞു. കൈക്കൂലി കൊടുക്കുന്നത് കണ്ട ആളിന്റെ മൊഴി വിശ്വസിക്കുന്നില്ലെന്ന് പറഞ്ഞു. ആർക്കുവേണ്ടിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. ഈ റിപ്പോർട്ട് വച്ച് കേരളത്തെ കബളിപ്പിക്കാൻ കഴിയില്ല. നാഗേശ്വരറാവുവിനെക്കാൾ പ്രഗത്ഭരായ അഭിഭാഷകർ, കപിൽ സിബലും ചിദംബരവുമെല്ലാം ടു ജി സ്പെക്ട്രം കേസിലും കൽക്കരി കുംഭകോണത്തിലും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനെ ചീത്ത പറഞ്ഞല്ലോ, എന്നിട്ടെന്തായി ? സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ ടു ജി സ്പെക്ട്രത്തിന്റെ അന്വേഷണം നടന്നപ്പോൾ രാജയും കനിമൊഴിയും മാരനും കുടുങ്ങി. അതുപോലെ കൽക്കരി കുംഭകോണത്തിൽ അന്വേഷണം നടത്തി സി.ബി.ഐ. ശ്രീ. മൻമോഹൻസിംഗിനെ ഒഴിവാക്കി. കോടതിയുടെ മുന്നിൽ കേസ് വന്നപ്പോൾ ഈ കേസിലെ മുഖ്യപ്രതി മൻമോഹൻ

സിംഗാണെന്ന് കോടതി പറഞ്ഞു. അദ്ദേഹം ജയിലിൽ പോകാൻ ക്യൂവിൽ നിൽക്കുകയാണ്. ഈ വിധിതന്നെ ശ്രീ. കെ. എം. മാണിയെയും കാത്തിരിക്കുകയാണ്. ഞങ്ങൾക്ക് ഈ നാട്ടിലെ നിയമസംഹിതയിൽ പൂർണ്ണ വിശ്വാസമാണ്. ഇത് ഇവിടെ അവസാനിക്കാൻ പോകുന്നില്ല, തുടങ്ങിയിട്ടേയുള്ളൂ. ശ്രീ. കെ.എം. മാണി നടത്തിയ ഹീനമായ ഈ കൈക്കൂലി കേസ് ജനങ്ങളുടെ മുന്നിൽ അനാവരണം ചെയ്യപ്പെടുന്നതുവരെ ഞങ്ങളുടെ പോരാട്ടം തുടരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നിയമസംഹിതയിൽ വിശ്വാസമുണ്ടെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതിൽ സന്തോഷമുണ്ട്. ജഡ്ജിയെ നാടുകടത്തുന്ന ആളുകൾക്ക് കോടതിയിൽ വിശ്വാസമുണ്ടെന്ന് പറഞ്ഞത് വലിയ കാര്യമാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വതന്ത്രവും സത്യസന്ധവുമായ ഒരന്വേഷണമാണ് ഈ കേസിൽ നടത്തിയിട്ടുള്ളത്. ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം. പ്ലീസ്, പ്ലീസ് ......

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏകദേശം 7 മാസക്കാലം നീണ്ടുനിന്ന വളരെ വിശദമായ ഒരന്വേഷണമാണ് ഇക്കാര്യത്തിൽ നടന്നത്. ഈ സംഭവവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എല്ലാ സാക്ഷികളെയും ചോദ്യം ചെയ്തു എന്നുമാത്രമല്ല പ്രധാന സാക്ഷികളെ പലതവണ ചോദ്യം ചെയ്തു. ലഭ്യമായ എല്ലാ ശാസ്ത്രീയ കുറ്റാന്വേഷണ മാർഗ്ഗങ്ങളും അന്വേഷണസംഘം സ്വീകരിച്ചു സൈബർ ഫോറൻസിക് അനാലിസിസ്, പോളിഗ്രാഫ് ടെസ്റ്റ് തുടങ്ങിയ പരിശോധനകൾ നടത്തി. ഏറ്റവും സമ്പൂർണ്ണമായ അന്വേഷണ പ്രക്രിയ പൂർത്തിയാക്കിയശേഷമാണ് Cr.P.C. 173 അനുസരിച്ച് ഇന്നലെ കോടതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെതന്നെ ഇന്ന് അന്വേഷണ റിപ്പോർട്ട് കോടതി പരിഗണിക്കുന്ന ദിവസമാണ്. കോടതിയെ സ്വാധീനിക്കത്തക്ക, സമ്മർദ്ദത്തിലാക്കുന്ന കാര്യങ്ങളെപ്പറ്റി ഞാൻ പറയുന്നത് ശരിയല്ല. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ.....(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല: കോടതിയെ സമ്മർദ്ദത്തിലാക്കുന്ന എന്നാണ് ഞാൻ പറഞ്ഞത്.....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്ററെ മറുപടി പറയാൻ അനുവദിക്കണം. മറുപടി നിങ്ങൾക്ക് ആവശ്യമില്ലേ ?

ശ്രീ. വി. ശിവൻകുട്ടി: സർ, കോടതിയെ സ്വാധീനിക്കാൻ കഴിയുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, കോടതിയുടെ മുന്നിലിരിക്കുന്ന വിഷയമായിട്ടും അങ്ങ് ഇത് അനുവദിച്ചതുകൊണ്ടാണ് ഞാൻ മറുപടി പറയാമെന്നുകരുതിയത്. ഇവിടെ നിയമോപദേശത്തെപ്പറ്റിയാണ് പറഞ്ഞത്. നിയമോപദേശങ്ങൾ തേടുന്നത് എല്ലാ വിജിലൻസ് കേസുകളുടെയും ഒരു പ്രക്രിയയാണ്. ജസ്റ്റിസ് കെ.ടി. തോമസിന്റെ സുപ്രധാനമായ ഒരു വിധി കഴിഞ്ഞ ദിവസം ഞാനിവിടെ ചൂണ്ടിക്കാണിച്ചിരുന്നു, R. Sarala Vs T.S. Velu കേസിലെ 13-4-2000-ലെ വിധി. പ്രസ്തുത വിധിയിൽ അന്വേഷണ ഉദ്യോഗസ്ഥനും മറ്റ് ഉദ്യോഗസ്ഥർക്കും തങ്ങൾക്ക് ബോധ്യമുള്ള നിയമവിദഗ്ധന്റെ ഉപദേശം ആരായാമെന്ന് അസന്നിഗ്ധമായി വ്യക്തമാക്കുന്നു. It is always open to any officer, including any investigating officer, to get the best legal opinion on any legal aspect concerning the preparation of any report. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു റിപ്പോർട്ട് തയ്യാറാക്കുമ്പോൾ അയാളുടെ കൺവിക്ഷനുവേണ്ടി നിയമോപദേശങ്ങൾ തേടുന്നത് ഈ കേസിൽ മാത്രമല്ല, കേരളത്തിലും ഇന്ത്യയിലും Cr.P.C. 173 അനുസരിച്ച് നടക്കുന്ന അന്വേഷണങ്ങളിലെല്ലാം സ്വീകരിക്കുന്ന കാര്യമാണ്. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുകേട്ടാൽ ഈ കേസിൽ മാത്രമാണ് നിയമോപദേശം തേടിയതെന്ന് തോന്നും. എല്ലാ കേസിലും നിയമോപദേശം തേടും. ഇൻവെസ്റ്റിഗേഷൻ ഓഫീസർ അന്തിമ റിപ്പോർട്ട് കൊടുക്കുമ്പോൾ ആ ഉദ്യോഗസ്ഥന് അത് ബോധ്യപ്പെട്ട് റിപ്പോർട്ട് കൊടുക്കാൻവേണ്ടിയാണ് നിയമോപദേശം തേടുന്നത്. ഈ സഭയിൽത്തന്നെ ഞാൻ മറ്റൊരു സുപ്രീം കോടതി വിധി ഇവിടെ ഉന്നയിച്ചിരുന്നു. ആ വിധിയിൽ പറയുന്നത്, if an erring officer നിയമപരമല്ലാതെ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയുണ്ടാകും. രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളും കോടതി വിധികളും പരിശോധിച്ച് നിയമോപദേശം തേടിയിട്ടുവേണം ഒരു ഉത്തരവാദപ്പെട്ട ഇൻവെസ്റ്റിഗേഷൻ ഓഫീസർ കോടതിയിൽ അന്തിമമൊഴി നൽകേണ്ടത്. അങ്ങനെ നൽകാതിരിക്കുന്ന

ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാനുള്ള അധികാരംവരെ സുപ്രീം കോടതിയുടെ വിധിയിലുണ്ട്. അതുകൊണ്ട് ഏതെങ്കിലുമൊരു ഇൻവെസ്റ്റിഗേഷൻ ഓഫീസർ നിയമോപദേശം തേടിയാൽ അയാളെ കുറ്റപ്പെടുത്താൻ കഴിയുമോ? അത് നിയമപരമായ നടപടിയാണ്. അതുപോലെ വിജിലൻസ് മാന്വലും Cr.P.C.യും അനുസരിച്ചുതന്നെയാണ് മുന്നോട്ടുപോയിട്ടുള്ളത്. സമ്പത്ത് വധക്കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ അഭിപ്രായം മാത്രമെടുത്താൽ മതിയെന്നാണ്. സെക്ഷൻ 36 അനുസരിച്ച് സുപ്പീരിയർ ഓഫീസേഴ്സിന്റെ ചുമതലകൂടി പറയുന്നുണ്ട്. അദ്ദേഹം അത് വായിച്ചില്ല. സുപ്പീരിയർ ഓഫീസേഴ്സിന്റെ അധികാരം സംബന്ധിച്ച് Cr.P.C. 36-ൽ പറയുന്നുണ്ട്. പാലക്കാട് സമ്പത്ത് കസ്റ്റഡി മരണക്കേസിൽ സി.ബി.ഐ. ഡയറക്ടറുൾപ്പെടെ ആരും ഇടപെടരുതെന്ന് ഹൈക്കോടതി പറഞ്ഞു. സി.ബി.ഐ. സുപ്രീം കോടതിയിൽ പോയപ്പോൾ സി.ബി.ഐ. മാന്വൽ പ്രകാരം സി.ബി.ഐ. ഡയറക്ടറുൾപ്പെടെയുള്ളവർക്ക് ഇടപെടാനുള്ള അധികാരമുണ്ടെന്ന് സുപ്രീം കോടതി പറഞ്ഞു. വിജിലൻസ് മാന്വലിന് അധികാരമില്ലെന്ന് പറഞ്ഞാൽ സി.ബി.ഐ.ക്ക് എന്താണധികാരം? പാർലമെന്റ് പാസ്സാക്കിയതാണോ; നമ്മൾ രണ്ടുപേരും പാർലമെന്റിൽ ഉണ്ടായിരുന്നതല്ലേ? പാർലമെന്റിന്റെ ഏതെങ്കിലും നിയമപ്രകാരം ഉണ്ടായതാണോ സി.ബി.ഐ.? അങ്ങ് സി.ബി.ഐ.യുടെ മഹത്വത്തെപ്പറ്റി പറഞ്ഞല്ലോ. കേസുകളുടെ അന്വേഷണത്തിനുവേണ്ടി സി.ബി.ഐ.യും വിജിലൻസും ആന്റികറപ്ഷൻ ബ്യൂറോയുമൊക്കെ രാജ്യത്ത് നിലനിൽക്കുന്ന സംവിധാനങ്ങൾ തന്നെയാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, കോടതിയിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിച്ചാൽ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്ക് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കാൻ കഴിയാതെയാണ് അദ്ദേഹം റിപ്പോർട്ട് കൊടുത്തിരിക്കുന്നത്. ഗവൺമെന്റിന്റെ സമ്മർദ്ദത്തിന് വിധേയമായി അദ്ദേഹം ഇൻവെസ്റ്റിഗേഷൻ പകുതി വഴിയിൽ അവസാനിപ്പിച്ചിരിക്കുകയാണ്. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറെ ഗവൺമെന്റ് സമ്മർദ്ദത്തിലാക്കി. അതിന്റെ ഫലമായി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കാൻ ആ ഓഫീസർക്ക് സാധിച്ചില്ല എന്നതാണ് ഈ പരാമർശങ്ങൾ വ്യക്തമാക്കുന്നത്. അത് എന്തുകൊണ്ട് സംഭവിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**10.00 AM ]**

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നെക്കൊണ്ട് വിശദാംശങ്ങൾ പറയിക്കാനുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഉപായമാണത്. ഞാനതിൽ വീഴാൻ ആഗ്രഹിക്കുന്നില്ല. കോടതിയിലുള്ള റിപ്പോർട്ട് ഗവൺമെന്റിന് കിട്ടാത്ത സാഹചര്യത്തിൽ ഞാൻ അതിന്റെ പ്രസക്തഭാഗങ്ങൾ പറയണമെന്നാണ് അദ്ദേഹം താല്പര്യപ്പെടുന്നത്. ഒരു ഇൻവെസ്റ്റിഗേഷൻ ഓഫീസറും അന്തിമ റിപ്പോർട്ട് കൊടുക്കുമ്പോൾ, എനിക്ക് അന്വേഷിക്കാൻ കഴിഞ്ഞില്ല, ഇത് അന്വേഷണത്തിന്റെ പൂർണ്ണരൂപമല്ല എന്ന് പറയില്ല. Cr.P.C. 173 അനുസരിച്ച് ഉദ്യോഗസ്ഥന് ഉത്തമബോദ്ധ്യമുള്ള കാര്യങ്ങൾ വ്യക്തമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ അന്തിമ റിപ്പോർട്ട് കൊടുക്കാൻ കഴിയുകയുള്ളൂ. അങ്ങനെയായിരിക്കാമെന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം ഗവൺമെന്റിന്റെ മുന്നിൽ റിപ്പോർട്ടില്ല. ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ വാദഗതി അനുസരിച്ചാണെങ്കിൽ രാജ്യത്ത് സി.ബി.ഐ.യും വിജിലൻസും നിലനിൽക്കില്ല. ഇതൊക്കെ അഴിമതി തടയാനുള്ള കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഏജൻസികളാണ്. വിജിലൻസ് കേസ്സിൽ ഈ ഏജൻസികളുടെ പ്രവർത്തനം എങ്ങനെ മുന്നോട്ടുപോകണമെന്നാണ് പറയുന്നത്. ഇതിനകത്ത് രണ്ട് കാര്യങ്ങൾ പറയാനുണ്ട്. Prevention of Corruption Act-ന്റെ 7, 13 വകുപ്പുകൾ അനുസരിച്ചാണ് ഈ കേസ് മുന്നോട്ടുപോയിട്ടുള്ളത്. Section 7-ൽ Whoever, being, or expecting to be a public servant, accepts or obtains or agrees to accept or attempts to obtain from any person, for himself or for any other person, any gratification whatever, other than legal remuneration, as a motive or reward for doing or forbearing to do any official act or for showing or forbearing to show, in the exercise of his official functions, favour or disfavour to any person or for rendering or attempting to render any service or disservice to any person, with the Central Government or any State Government or....... എന്നാണ് പറയുന്നത്. ഇവിടെ ഡിമാന്റും ഫേവറും ഗ്രാറ്റിഫിക്കേഷനും ഉണ്ടാകണമെന്നാണ് പറയുന്നത്. അന്തിമ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഒരുപക്ഷേ ഉദ്യോഗസ്ഥന് ഈ പറയുന്ന 3 കാര്യങ്ങളെക്കുറിച്ച് തെളിവ് കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യാം. അതിനെക്കുറിച്ച് എനിക്കറിയില്ല. നിങ്ങളുടെ വാദഗതി അനുസരിച്ച് ഞാൻ പറയുകയാണ്. ഡിമാന്റും ഫേവറും ഗ്രാറ്റിഫിക്കേഷനും ഇല്ലാത്തതുകൊണ്ടാകാം അന്തിമ റിപ്പോർട്ട് പത്രത്തിൽ കാണുന്നതുപോലെ കൊടുത്തിട്ടുള്ളത്. Section 13

LIBRARY ARCHIVES Kerala Legislative Assembly

(d)-ൽ if he,-(i) by corrupt or illegal means, obtains for himself or for any other person any valuable thing or pecuniary advantage; or (ii) by abusing his position as a public servant, obtains for himself or for any other person any valuable thing or pecuniary advantage; or (iii) while holding office as a public servant, obtains for any person any valuable thing or pecuniary advantage without any public interest; or എന്നാണ് പറയുന്നത്. ഈ 3 കാര്യങ്ങളും അതിൽ കാണില്ല. Prevention of Corruption Act-ന്റെ സെക്ഷൻ 7, 13 വകുപ്പുകൾ അനുസരിച്ചാണ് അന്തിമ റിപ്പോർട്ട് കൊടുക്കേണ്ടത്. ഞാൻ അസ്യം ചെയ്യുന്നതാണ്. വോളന്ററി അക്സപ്റ്റൻസിൽ, Jayaraj Vs. State of Andhra Pradesh-ൽ ഇന്നത്തെ ഗവർണ്ണർ ശ്രീ. സദാശിവം, രഞ്ജൻ ഗഗോയ്, എൻ.വി. രമണ എന്നീ മൂന്ന് ജഡ്ജിമാരുടെ ഏറ്റവും ലേറ്റസ്റ്റ് സുപ്രീം കോടതി വിധിയുണ്ട്. അതിന്റെ പ്രസക്ത ഭാഗം Proof of acceptance of an illegal gratification can follow only if there is a proof of demand എന്നാണ്. അവിടെ പ്രൂഫ് ഓഫ് അക്സപ്റ്റൻസ് വളരെ വ്യക്തമായി പറയുന്നു. അഴിമതി ആരോപണം വളരെ ഗൗരവമുള്ള കാര്യമാണ്. പ്രൂഫ് ഓഫ് അക്സപ്റ്റൻസ് ഉണ്ടെങ്കിൽ മാത്രമെ, ശരിയായ രീതിയിൽ ഫോളോ ചെയ്യാൻ കഴിയുകയുള്ളൂ. Prevention of Corruption Act-ന്റെ 7, 13 വകുപ്പുകൾ അനുസരിച്ച് ഈ ഇൻവെസ്റ്റിഗേഷൻ ഓഫീസർക്ക് തെളിവുകൾ കിട്ടിയില്ലെങ്കിൽ അതിനനുസരിച്ചല്ലേ റിപ്പോർട്ട് കൊടുക്കാൻ പറ്റുകയുള്ളൂ. അല്ലാതെ ഇതൊരു രാഷ്ട്രീയമായ കേസ് ആയതുകൊണ്ട് അതനുസരിച്ചുള്ള റിപ്പോർട്ട് കൊടുക്കാൻ പറ്റുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഡിമാന്റിന് തെളിവില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ധനേഷിന്റെ കയ്യിലുള്ള സി.ഡി. ഡിമാന്റിന് തെളിവുണ്ടെന്നുള്ളത് വ്യക്തമാക്കുന്നുണ്ട്. തന്റെ കയ്യിൽ സി.ഡി. ഉണ്ടെന്നും അത് ഹാജരാക്കില്ലെന്നും ധനേഷ് നിരവധി തവണ പറഞ്ഞതാണ്. അദ്ദേഹത്തിന്റെ കയ്യിലുള്ള ആ സി.ഡി. വാങ്ങുന്നതിന് എന്തുകൊണ്ട് ഇൻവെസ്റ്റിഗേഷൻ ആഫീസർക്ക് കഴിഞ്ഞില്ല?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതൊക്കെ ഇൻവെസ്റ്റിഗേഷൻ ആഫീസറോട് ചോദിക്കേണ്ട കാര്യമാണ്. ഈ കേസ്സിനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ അന്വേഷണത്തിനൊടുവിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. ശ്രീ. കെ. സുരേഷ് കുറുപ്പ് വക്കീലും ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ആളുമല്ലേ. കേസ് ഡയറിയിൽ ഏത് കാര്യങ്ങൾ ഉണ്ടാകണമെന്നും അന്തിമ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിൽ ഏത് കാര്യങ്ങൾ ഉണ്ടാകണമെന്നും അദ്ദേഹത്തിന് അറിയാവുന്നതാണ്. കേസ് ഡയറിയിൽ ഉള്ള കാര്യങ്ങൾ അന്തിമ റിപ്പോർട്ടിൽ ഇല്ലെങ്കിലും കോടതിയുടെ മുമ്പാകെ വരും. ഇപ്പോൾ ഇത് ബഹുമാനപ്പെട്ട വിജിലൻസ് കോടതി പരിഗണിക്കുന്ന കാര്യമാണ്. തെളിവ് ഇല്ലാതെ കേസ് ചാർജ് ചെയ്യണമെന്ന് പറയുന്നത് എവിടത്തെ നിയമമാണ്? തെളിവ് ഉണ്ടെങ്കിൽ മാത്രമല്ലേ, കേസ് ചാർജ് ചെയ്യാൻ പറ്റുകയുള്ളൂ. അഴിമതി ആരോപണം ഗൗരവമുള്ള കാര്യമാണ്. ഈ ഗവൺമെന്റിനെ അഭിനന്ദിക്കണം. രണ്ട് മന്ത്രിമാർക്കെതിരെ ആരോപണം ഉണ്ടായപ്പോൾ അന്വേഷിക്കാനുള്ള ധീരത കാട്ടിയ ഗവൺമെന്റാണിത്. അന്വേഷണത്തിന് തെളിവില്ലെങ്കിൽ അതുംകൂടി ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതല ഗവൺമെന്റിനോ വിജിലൻസ് വകുപ്പിനോ ഉണ്ടെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത് ? ഈ വാദഗതികളൊന്നും നിലനിൽക്കുന്നതല്ല. കോടതിയുടെ സ്കൂട്ടിനിയിലുള്ള കാര്യമായതിനാൽ കോടതി പരിശോധിക്കട്ടെ. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമ സംവിധാനങ്ങളുടെയും കോടതി വിധികളുടെയും കീഴ്‌വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ കോടതി പരിശോധിക്കട്ടെ. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ല. വളരെ നിഷ്പക്ഷമായ അന്വേഷണമാണ് നടത്തിയത്. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതുകൊണ്ട് അതിന്റെ മെരിറ്റിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഈ കേസ്സിൽ ഏറ്റവും ഒടുവിൽ നാഗേശ്വര റാവുവിന്റെ നിയമോപദേശം തേടിയെന്ന് പറയുന്നു. എവിടെയാണ് തീരുമാനിച്ചത്; എന്തുകൊണ്ടാണ് നാഗേശ്വര റാവുവിനെ തെരഞ്ഞെടുത്തത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നാഗേശ്വര റാവു അല്ല, ആരുടെ ഉപദേശം വേണമെങ്കിലും തേടാൻ ബഹുമാനപ്പെട്ട വിജിലൻസ് ഡയറക്ടർക്കും ഉദ്യോഗസ്ഥർക്കും അധികാരമുണ്ട്. ഞാൻ Sarala Vs. Velu എന്ന കേസ്സിലെ സുപ്രീം കോടതി വിധി ഇവിടെ വായിച്ചല്ലോ. ഉയർന്ന ഉദ്യോഗസ്ഥന്, കേസ്സിന്റെ അന്വേഷണ വേളയിൽ ആരുടെ നിയമോപദേശം വേണമെങ്കിലും സ്വീകരിക്കാനുള്ള അവകാശമുണ്ട്. ആ നിയമോപദേശമാണ് സ്വീകരിച്ചിട്ടുള്ളത്. നിയമോപദേശം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമായ അവകാശം അദ്ദേഹത്തിനുണ്ട്. അതിൽ യാതൊരുവിധത്തിലുള്ള തെറ്റും കാണേണ്ടതില്ല. അത് അന്വേഷണ ഉദ്യോഗസ്ഥന്റെ കൺവിക്ഷന് വേണ്ടിയാണ്. അക്കാര്യത്തിൽ ഉത്തമബോധ്യമുണ്ടായിട്ടുവേണം ഫൈനൽ റിപ്പോർട്ട് കൊടുക്കാൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, അങ്ങനെയാണെങ്കിൽ അത് റിപ്പോർട്ടിൽ പറയണ്ടേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, വേണമെന്നില്ല. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു റിപ്പോർട്ടെഴുതുമ്പോൾ അയാളുടെ കൺവിക്ഷനുവേണ്ടി ചെയ്യുന്നതാണ്. വാദിച്ചുവാദിച്ച് കേസ് തോറ്റ വക്കീലിന്റെ സ്ഥിതിയാണ് പ്രതിപക്ഷത്തിനുള്ളത്. ഇവർ ഉയർത്തിക്കൊണ്ടുവന്ന വാദമുഖങ്ങൾ പരാജയപ്പെടുമ്പോൾ വിജിലൻസിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? വിജിലൻസിന്റെ ചരിത്രത്തിൽ ഇത്രയും നീതിപൂർവ്വമായ അന്വേഷണം നടന്നിട്ടില്ല. സത്യസന്ധവും നീതിപൂർവ്വവുമായ അന്വേഷണം നടത്താൻ വിജിലൻസിന് ബാദ്ധ്യതയുണ്ട്. ....(ബഹളം).... ഞാൻ ആക്ഷേപിച്ചതല്ല. ചാനലുകളിൽ വരുന്ന വാർത്തകളുടെയും സ്റ്റിംഗ് ഓപ്പറേഷനിലൂടെ വരുന്ന വാർത്തകളുടെയും അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ കാര്യങ്ങൾ അന്വേഷിച്ചു. വിജിലൻസ് ഡയറക്ടറോടും ഗവൺമെന്റിനോടും ഇവിടെപ്പറഞ്ഞ രീതിയിലുള്ള കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പറഞ്ഞിട്ടില്ല. ചാനലുകൾ സ്റ്റിംഗ് ഓപ്പറേഷൻ നടത്തിയ വാർത്തകൾ ചില കാലങ്ങളിൽ വന്നിട്ടുണ്ട്. വാർത്തകൾ വന്നപ്പോൾ വിജിലൻസ് ഡയറക്ടർ അന്വേഷിച്ചു. വിജിലൻസ് ഡയറക്ടറുടെ മുന്നിലോ സർക്കാരിനുമുന്നിലോ ഇങ്ങനെയൊരു ദുരനുഭവം നേരിടേണ്ടിവന്നുവെന്ന് ഇൻവെസ്റ്റിഗേഷൻ ഓഫീസർ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞുവന്നത്, ഊഹാപോഹങ്ങളുടെയും കെട്ടുകഥകളുടെയും അടിസ്ഥാനത്തിൽ അഴിമതി ആരോപണങ്ങളുന്നയിച്ചാൽ സ്ഥിതി ഇതായിരിക്കുമെന്ന് ഇപ്പോൾ തെളിയിക്കപ്പെട്ടിരിക്കുകയാണ് എന്നുള്ളതാണ്. അതുകൊണ്ട് ഈ കാര്യങ്ങൾ കോടതി പരിശോധിക്കട്ടെ. പരിശോധിക്കാനുള്ള പൂർണ്ണ അധികാരം കോടതിക്കുണ്ട്. തീർച്ചയായും പരിശോധിക്കട്ടെ. വിജിലൻസ് അന്വേഷണത്തെ സംബന്ധിച്ചിടത്തോളം ഒരു പരാതിയും ആർക്കും ഉണ്ടാകാത്ത നിലയിലാണ് മുന്നോട്ടുപോയിട്ടുള്ളത്. ഇവിടെ അഴിമതി ആരോപണമുണ്ടാകുമ്പോൾ അഴിമതി ആരോപണത്തിന് ഉപോദ്ബലകമായ വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് വിജിലൻസിന് കേസ് ചാർജ് ചെയ്യാനോ ചെയ്യാതിരിക്കാനോ സാധിക്കുന്നത്. അതുകൊണ്ട് വളരെ വസ്തുനിഷ്ഠമായി വിജിലൻസ് എടുത്ത നിലപാടാണിത്. ഇത് ജനങ്ങൾക്ക് ബോധ്യപ്പെട്ട കാര്യമാണ്. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ പറഞ്ഞത് ബാർക്കോഴ കേസ്സിനെപ്പറ്റിയാണ്. അവിടത്തെ ജനങ്ങളും കേരളത്തിലെ മുഴുവൻ ജനങ്ങളും തള്ളിക്കളഞ്ഞ കാര്യമാണിത്. അതുകൊണ്ട് ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അഴിമതി, കൈക്കൂലി, വെട്ടിപ്പ്, കേസ് ഒതുക്കൽ എന്നിവയെല്ലാം ഈ സർക്കാരിന്റെ ഗുണഗണങ്ങളാണെന്ന് അറിയാത്തവരല്ല ഞങ്ങൾ. അത് ഈ കേരളത്തിലെ ജനങ്ങൾക്കും നന്നായി അറിയാം. എന്നാൽ, ഈ വക കാര്യങ്ങളിൽ മാത്രം മുഴുകി ഒരു സർക്കാർ മുന്നോട്ടുപോകുന്നത് ജനാധിപത്യ സംവിധാനത്തിൽ ഭൂഷണമാണോ; നിങ്ങൾ ആലോചിക്കണം. നാണംകെട്ടവനെയും ആലിനെയും സംബന്ധിക്കുന്ന ഒരു ചൊല്ലുണ്ടല്ലോ, മലയാളികൾക്കൊക്കെ സുപരിചിതമായ ആ ചൊല്ലല്ലേ ഈ സർക്കാരിനെക്കുറിച്ചും വിശേഷിച്ച് മന്ത്രി ശ്രീ. കെ. എം. മാണിയെക്കുറിച്ചും പറയാൻ കഴിയുന്നത്. ഇപ്പോൾ നട്ടപ്പാതിരയാണെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ; അതുപോലെയല്ലേ ശ്രീ. കെ. എം. മാണി ശുദ്ധനാണെന്ന് പറയുന്നത്? ശ്രീ. കെ. എം. മാണി കോടികൾ കോഴവാങ്ങിയ കാര്യം ശ്രീ. കെ. എം. മാണിക്കറിയാം, ശ്രീ. കെ. എം. മാണിയുടെ മകനറിയാം, ശ്രീ. കെ. എം. മാണിയുടെ വീട്ടുകാർക്കൊക്കെ അറിയാം. കേരള കോൺഗ്രസ്സിനറിയാം കോൺഗ്രസ്സിനുമറിയാം. ബാർ ഉടമകളോട് ശ്രീ. കെ. എം. മാണിയെ കാണാൻ പറഞ്ഞ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കുമറിയാം. ശ്രീ. രമേശ് ചെന്നിത്തലയ്ക്കുമറിയാം. കാര്യങ്ങൾ പറയാനൊന്നുമില്ല. ഇങ്ങനെ സകലമാന ജനങ്ങൾക്കും അറിയാവുന്ന ഒരു കാര്യത്തിൽ ശ്രീ. കെ. എം. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയുമൊക്കെ ചേർന്ന് എന്തെല്ലാം വൃത്തികെട്ട കളികളാണ് കളിക്കുന്നത്. ഈ കള്ളക്കളികളുടെയൊക്കെ പാരമ്യത്തിലല്ലേ ഇപ്പോൾ വിജിലൻസിനെക്കൊണ്ട് ശ്രീ. കെ. എം. മാണിയെ പരിശുദ്ധനാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. ശ്രീ. കെ. എം. മാണി കൈക്കൂലി വാങ്ങിയെന്നതിന് 60% തെളിവുകൾ ലഭിച്ചിട്ടുണ്ടെന്നാണ് അന്വേഷണം നടത്തിയ വിജിലൻസ് എസ്.പി. ആർ. സുകേശൻ പരസ്യപ്പെടുത്തിയത്. പിന്നെ എന്തുകൊണ്ട് ബാക്കി 40% തെളിവുകൾകൂടി കണ്ടെത്താൻ വിജിലൻസ് തയ്യാറാകുന്നില്ല ? ശ്രീ. കെ. എം. മാണി കൈക്കൂലി ചോദിക്കുന്നതിന്റെ ശബ്ദരേഖ തന്റെ കൈവശമുണ്ടെന്ന് ബാറുടമ ധനേഷ്

LIBRARY ARCHIVES Kerala Legislative Assembly

പരസ്യമായി പറഞ്ഞതല്ലേ; ഈ ശബ്ദരേഖ എന്തുകൊണ്ട് കണ്ടെടുത്തില്ല? ഇങ്ങനെ ഒരാൾ പറഞ്ഞാൽ അയാളെ കസ്റ്റഡിയിലെടുത്ത് അയാളുടെ കൈവശമുള്ള തെളിവ് ശേഖരിക്കാൻ ഇൻഡ്യൻ എവിഡൻസ് ആക്ടിൽ വകുപ്പ് ഇല്ലാത്തതുകൊണ്ടാണോ ; അല്ല. അപ്രകാരമൊരു തെളിവ് ശേഖരിച്ചാൽ ശ്രീ. കെ. എം. മാണി ജയിലിനകത്താണ്. ഇത് ഉണ്ടാകാതിരിക്കാനല്ലേ ആ രേഖ പോലീസ് കണ്ടെടുക്കാതിരുന്നത് ? ശ്രീ. കെ. എം. മാണിയുടെ വീട്ടിൽ സൂക്ഷിച്ചിരിക്കുന്നതായി പറയുന്ന നോട്ടെണ്ണൽ യന്ത്രം കണ്ടെടുക്കാൻ ശ്രമിച്ചോ; അങ്ങനെയൊന്നില്ലെങ്കിൽ അക്കാര്യമെങ്കിലും വെളിച്ചത്ത് കൊണ്ടുവരാമായിരുന്നില്ലേ? ശ്രീ. കെ. എം. മാണിക്ക് പണം നൽകിയ ആളുകളെപ്പറ്റിയും അവർ ശ്രീ. കെ. എം. മാണിയുടെ വീട്ടിൽപ്പോയ സമയത്തെപ്പറ്റിയും കൃത്യമായ തെളിവുകൾ ലഭിച്ചിട്ടും അദ്ദേഹത്തിന്റെയും ബന്ധുക്കളുടെയും അക്കൗണ്ടുകൾ എന്തുകൊണ്ട് പരിശോധിച്ചില്ല; എന്തിനാണ് അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാമെന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയത് ; അത് കേസന്വേഷണത്തിൽ സർക്കാർ ഇടപെട്ടതിന്റെ നേർ തെളിവല്ലേ ? ഹൈക്കോടതി പറഞ്ഞത് എന്താണ്; കേസന്വേഷണത്തിൽ സർക്കാർ ഇടപെടാൻ പാടില്ലായെന്നല്ലേ? അന്വേഷണം പൂർത്തിയാക്കാതെ റിപ്പോർട്ട് സമർപ്പിക്കാൻ രാജ്യത്തെ ഏതെങ്കിലും കോടതിക്ക് നിർദ്ദേശിക്കാൻ കഴിയുമോ; ഇല്ല. അങ്ങനെയൊരു കോടതിക്കും നിർദ്ദേശിക്കാൻ കഴിയില്ല. ഇത് അറിയാത്തതുകൊണ്ടല്ല ഹൈക്കോടതിയിൽ ഒരു മാസത്തിനകം കേസന്വേഷണം പൂർത്തിയാക്കാമെന്ന് സമ്മതിച്ചത്. അപ്രകാരം സമ്മതിച്ചതുവഴി അന്വേഷണ ഉദ്യോഗസ്ഥന് ഉത്തരവ് നൽകുകയായിരുന്നില്ലേ; കേസന്വേഷണം പൂർത്തിയാക്കാതെ തിടുക്കപ്പെട്ട് റിപ്പോർട്ട് കോടതിയിൽ ഫയൽ ചെയ്യണമെന്ന നിർദ്ദേശമല്ലേ നിങ്ങൾ നൽകിയത്? അതനുസരിച്ചല്ലേ 60% തെളിവുവച്ച് കോടതിയിൽ അന്വേഷണ റിപ്പോർട്ട് തട്ടിക്കൂട്ടി നൽകിയിരിക്കുന്നത്. കണ്ടെത്തിയ തെളിവുകൾപോലും പൂർണ്ണമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലല്ലോ? ബാർ കോഴ കേസന്വേഷണത്തിൽ തന്റെമേൽ കടുത്ത സമ്മർദ്ദമുണ്ടായിയെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഫെയ്സ്ബുക്കിൽ പ്രത്യേകം എഴുതുകയുണ്ടായി. ആർക്കാണ് ആഭ്യന്തര വകുപ്പുമന്ത്രിയുടെ മേൽ സമ്മർദ്ദം ചെലുത്താൻ കഴിയുന്നത്; അത് ഒന്നുകിൽ മുഖ്യമന്ത്രി അല്ലെങ്കിൽ ശ്രീ. കെ. എം. മാണി, ഇക്കാര്യം സത്യസന്ധമായി ശ്രീ. രമേശ് ചെന്നിത്തല സഭയിലെങ്കിലും പറയേണ്ടതായിരുന്നില്ലേ ? വിജിലൻസ്

മേധാവി ശ്രീ. വിൻസൻ എം. പോൾ, താൻ കടുത്ത സമ്മർദ്ദത്തിലാണെന്ന് പറഞ്ഞില്ലെ ; എസ്. പി. ശ്രീ. ആർ. സുകേശനും സമാനമായ അഭിപ്രായം പ്രകടിപ്പിച്ചില്ലേ ; സമ്മർദ്ദം സഹിക്കവയ്യാതെ ആത്മഹത്യയെക്കുറിച്ചുപോലും ചിന്തിക്കേണ്ടിവന്നുവെന്ന് സത്യസന്ധനായ ആ പോലീസ് ഉദ്യോഗസ്ഥൻ പറയുന്നത് വെറുതയല്ലല്ലോ ? നിയമം നിയമത്തിന്റെ വഴിക്കുപോകുമെന്ന് നാഴികയ്ക്ക് നാൽപ്പതുവട്ടം പറയുന്നതുകൊണ്ട് വല്ല കാര്യവുമുണ്ടോ ; അങ്ങനെയാണ് നിയമം പോകുന്നതെന്ന് സർക്കാരിന്റെ പ്രവർത്തനത്തിലൂടെ ജനങ്ങൾക്ക് ബോദ്ധ്യം വരേണ്ടതല്ലേ ? നിങ്ങളുടെ ഏത് പ്രവൃത്തി എടുത്താലും നിയമം നിയമത്തിന്റെ വഴിക്ക് പോകുന്നുവെന്ന് സ്വബോധമുള്ള ആർക്കും പറയാൻ കഴിയുകയില്ല. ബാർ കോഴ കേസിലെ അന്വേഷണം ശരിയായ ദിശയിലല്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലല്ലേ ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ വിജിലൻസ് സംവിധാനത്തെ സ്വതന്ത്രമാക്കണമെന്ന നിരീക്ഷണം നടത്തിയത്; അതിന്റെ ഭാഗമല്ലേ വിജിലൻസ് സ്വതന്ത്രമാകുന്നതിന് റിപ്പോർട്ട് സമർപ്പിക്കാൻ അമിക്കസ് ക്യൂറിയായി രണ്ട് അഭിഭാഷകരെ ഹൈക്കോടതി നിയോഗിച്ചത്? വിജിലൻസ് അന്വേഷണത്തെ സ്വതന്ത്രവും നീതിപൂർവ്വകവുമാക്കുവാൻ അമിക്കസ് ക്യൂറിയെ നിയോഗിച്ചതിൽ ഈ സർക്കാരിന് എന്താണ് ഇത്ര അങ്കലാപ്പ്, എന്തിനാണ് നിങ്ങൾ അഡ്വക്കേറ്റ് ജനറലിനെ ഉപയോഗിച്ച് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിനുമേൽ അപ്പീൽ നൽകിയത്? ഹൈക്കോടതി നിയോഗിക്കുന്ന അമിക്കസ് ക്യൂറിയുടെ മേൽനോട്ടമുണ്ടായാൽ വിജിലൻസിനെ നിങ്ങൾക്ക് അമ്മാനമാടാൻ സാധിക്കുകയില്ല. അതല്ലേ സത്യം? നിങ്ങളുടെ എല്ലാ കൊള്ളരുതായ്മകളും മൂടിവയ്ക്കാനും അതിൽനിന്ന് രക്ഷപ്പെടാനും വിജിലൻസിന്റെ ചരടുകൾ നിങ്ങളുടെ കയ്യിൽത്തന്നെ വേണം. അമിക്കസ് ക്യൂറി വന്നാൽ അത് നടപ്പില്ല. അമിക്കസ് ക്യൂറിയുടെ കണ്ണും കാതും ബാർ കോഴ കേസ്സിന്റെ അന്വേഷണവഴിയിൽ തുറന്നിരുന്നാൽ ശ്രീ. കെ. എം. മാണിക്കൊരിക്കലും രക്ഷപ്പെടാനാവില്ല. ശ്രീ. കെ. എം. മാണിയെ രക്ഷപ്പെടുത്താൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ത്രികാല തന്ത്രങ്ങളൊന്നും ചെലവാകില്ല. അതുകൊണ്ടല്ലേ അമിക്കസ് ക്യൂറിയെ നിയോഗിച്ച സിംഗിൾ ബഞ്ചിന്റെ ഉത്തരവിനെതിരെ നിങ്ങൾ എ.ജി.യെ വിട്ട് ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയത്? ആടിക്കളിക്കെടാ കുഞ്ഞിരാമാ എന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറയുമ്പോൾ ആടിക്കളിക്കുക മാത്രമല്ല, മുമ്പിലേയ്ക്ക് ചാടുകയും ചെയ്യുന്ന ആളല്ലെ ഈ എ.ജി. എ.ജി.യുടെ ചാടിക്കളിയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കാണുമ്പോൾ സന്തോഷംകൊണ്ട് എനിക്കിരിക്കാൻ വയ്യേ ഞാൻ തുള്ളിച്ചാടുകയാണേ എന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി പറയുന്നത്. ഭരണഘടനാ സ്ഥാപനം പോയ ഒരു പോക്കേ. ശ്രീ. ഉമ്മൻ ചാണ്ടി, ഇനിയെങ്കിലും നിങ്ങൾ നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നുപറഞ്ഞ് കേരള ജനതയെ കൊഞ്ഞനംകുത്തരുത്. ജനങ്ങൾക്ക് നിങ്ങളെ നേരിട്ടൊന്നും പറയാൻ കഴിയില്ലായെന്നുവിചാരിച്ച് ജനങ്ങളെ ഇങ്ങനെ പരിഹസിക്കരുത്. ഞങ്ങൾ ഒന്നായിത്തന്നെ പറഞ്ഞേയ്ക്കാം, വിടില്ല ഞങ്ങൾ ഈ കള്ളക്കൂട്ടങ്ങളെ വിടില്ല. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. കെ. എം. മാണിയുടെയും കുറക്കുകമ്പനികളുടെയും സകല കള്ളത്തരങ്ങളും കൊള്ളരുതായ്മകളും വെളിച്ചത്തുകൊണ്ടുവരികതന്നെ ചെയ്യും. കോടതിയെങ്കിൽ കോടതി, സമരമെങ്കിൽ സമരം. സകല വൃത്തികേടുകളും കാട്ടിയിട്ട് അതിനൊക്കെ ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ സഭയിൽ വന്ന് ന്യായീകരിക്കുന്ന നിങ്ങളുടെ മുടന്തൻന്യായങ്ങൾ കേട്ടിരിക്കാൻ ഞങ്ങൾക്ക് മനസ്സില്ല. ബാർ കോഴക്കേസ്സിൽ ഒരു പുനരന്വേഷണമാണ് അനിവാര്യമായിട്ടുള്ളത്. അതിന് സർക്കാർ തയ്യാറാവുകയാണ് വേണ്ടത്. അതിന് തയ്യാറാകാത്ത സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഈ സഭയിൽ കുത്തിയിരിക്കുകയാണ്.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിൽ കുത്തിയിരുന്ന് മുദ്യാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u> : പ്ലീസ്.... ദയവായി എല്ലാപേരും അവരവരുടെ സീറ്റിൽ പോയിരിക്കണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ഇന്ന് ഒരു പ്രധാനപ്പെട്ട വകുപ്പിനെക്കുറിച്ചുള്ള ഡിമാൻഡ് ഉണ്ട്. അതിനുപുറമെ ഒരു പ്രധാനപ്പെട്ട ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുണ്ട്. അതുകൊണ്ട് ദയവായി സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. നിങ്ങൾ സഹകരിച്ചില്ലെങ്കിൽ ചെയറിന് അടുത്ത നടപടിയിലേയ്ക്ക് പോകേണ്ടിവരും. ശ്രദ്ധക്ഷണിക്കൽ റദ്ദ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly